മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ ഡീസലും മണ്ണെണ്ണയും

*11 [279] ശ്രീ. വി.ഡി. സതീശൻ:
.. കെ. എ. ചന്ദ്രൻ:
.. ജോർജ് ഈ. മാത്യു:
.. എം. മുരളി:
.. എം. കെ. നാരായണൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹാർബറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ കുറഞ്ഞ നിരക്കിൽ ഡീസലും മണ്ണെണ്ണയും നൽകുന്നുണ്ടോ;

(ബി) ഇപ്പോൾ ഏതു കാലയളവിൽപ്പെടുത്തിയാണ് അവർക്ക് ഡീസലും മണ്ണെണ്ണയും നൽകുന്നത്;

(സി) മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ ഡീസലും മണ്ണെണ്ണയും നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനു വേണ്ടി പ്രത്യേക കാലാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) മത്സ്യത്തൊഴിലാളികൾ വാങ്ങുന്ന ഡീസലിന് റോഡ് ടാക്സ് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടിയെടുക്കുമോ?

ഹാർബറീസും സ്പോർട്സും വകുപ്പുമന്ത്രി (*ശ്രീ. ഡൊമിനിക് പ്രസന്റേഷൻ*):

(എ) കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുന്നുണ്ട്. എന്നാൽ ഡീസൽ നൽകുന്നില്ല.

(ബി) കേന്ദ്രത്തിൽ നിന്നും ഗാർഹിക, കൃഷി ആവശ്യത്തിനു ലഭിക്കുന്ന മണ്ണെണ്ണയുടെ ഒരു ഭാഗം മത്സ്യബന്ധന മേഖലയ്ക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്നു.

(സി) മണ്ണെണ്ണ കുറഞ്ഞ നിരക്കിൽ നൽകണമെന്നും, ഡീസലിന് സബ്സിഡി അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ആവശ്യപ്പെട്ടിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly